"ഭരണഭാഷ-മാതൃഭാഷ"

വിവരാവകാശ നിയമം-2005
രജിസ്റ്റേർഡ് A/D

കേരള സർക്കാർ

നം.3175299/എ 2/2018/സാ.നീ.വ.

സാമൂഹ്യ നീതി (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 16.02.2019.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
അണ്ടർ സെക്രട്ടറി.

002350

സ്വീകർത്താവ്
ശ്രീ. മനോജ് കടമ്പാട്,
സീനിയർ റിപ്പോർട്ടർ,
മലയാള മനോരമ,
തമ്പാനൂർ, തിരുവനന്തപുരം - 695 001.

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ്- വിവരാവകാശ നിയമം-2005 പ്രകാരം ലഭ്യമായ അപേക്ഷ – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന: ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിലെ 14.01.2019 തീയതിയിലെ 02/Health/RTI/M(H,SJ,W&C)/2019-2 കത്തിനോടൊന്നിച്ച് ഈ വകുപ്പിൽ 18.01.2019 ൽ ലഭ്യമായ താങ്കളുടെ 04.01.2019 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ഈ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ശ്രീചിത്രാ ഹോം, കേരള സാമൂഹ്യ ക്ഷേമ ബോർഡ്, ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിവിടങ്ങളിൽ താൽക്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തിരുന്ന ആർക്കും ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ മന്ത്രിയായി ചുമതലയേറ്റ ശേഷം സ്ഥിര നിയമനം നൽകിയിട്ടില്ല എന്ന വിവരം അറിയിയ്ക്കുന്നു. താങ്കളുടെ അപേക്ഷയിന്മേൽ സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വനിതാ ശിശു വികസന ഡയറക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം-2005 ന്റെ ചട്ടം 6(3) പ്രകാരം പ്രസ്തുത ഡയറക്ടറേറ്റുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം കൂടി അറിയിയ്ക്കുന്നു ഇതു സംബന്ധിച്ച തുടർ കത്തിടപാടുകൾ പ്രസ്തുത ഓഫീസുമായി നടത്തുവാൻ അഭ്യർത്ഥിയ്ക്കുന്നു

മേൽ മറുപടി തൃപ്തികരമല്ലെങ്കിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം താങ്കൾക്ക് ഈ വകുപ്പിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ വിലാസം ചുവടെ ചേർക്കുന്നു.

ശ്രീമതി. ലീലാമണി. കെ.എം,
അഡീഷണൽ സെക്രട്ടറി & അപ്പീൽ അധികാരി,
സാമൂഹ്യ നീതി വകുപ്പ്,
നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. (ഫോൺ നമ്പർ 0471-2518373).

വിശ്വസ്തതയോടെ,

ശാരദാ ദേവി. യു,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
അണ്ടർ സെക്രട്ടറി.
ഫോൺ: 0471-2518098.

പകർപ്പ്: സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി വകുപ്പ്/വനിതാ ശിശു വികസന വകുപ്പ്

(അപേക്ഷയുടെ പകർപ്പ് സഹിതം ലഭ്യമായ വിവരങ്ങൾ സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് നേരിട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി).

02/Health/RTI/M (H.S.&W.C.D)/19

...online.com
Malayala Manorama
Established 1888

Markose Abraham
Chief News Editor

P B No. 160, Thampanoor East,
Thiruvananthapuram 695 001, Kerala, India
Phone: (0) 91-471-2328198 (Off. Pnl) 2328388
Fax: 91-471-2327886
Email: markoseabraham@mm.co.in

10 रु. Rs.10 TEN RUPEES

From,

Manoj Kadampad
Senior Reporter
Malayala Manorama
Thampanoor
Thiruvananthapuram-695001
Ph.- 9946103409

To,

The Public Information Officer
Office of the Minister K.K.Shailaja Teacher
Annex - 2
Govt.Secretariat
Thiruvananthapuram

2005 ലെ കേന്ദ്ര വിവരാവകാശ നിയമപ്രകാരം ചുവടെ ഉന്നയിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു മറുപടി ലഭ്യമാക്കുമല്ലോ.

1. ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, ആയുഷ്, സാമൂഹിക നീതി, സ്ത്രീകളും കുട്ടികളും വകുപ്പുകളിൽ താത്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തിരുന്നവർക്കു ശ്രീമതി കെ.കെ.ശൈലജ ടീച്ചർ മന്ത്രിയായി ചുമതലയേറ്റശേഷം സ്ഥിരനിയമം നൽകിയിട്ടുണ്ടോ?

2. താത്കാലിക, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർക്കു സ്ഥിരനിയമനം നൽകിയിട്ടുണ്ടെങ്കിൽ അതിനുവേണ്ടി വകുപ്പ് മേധാവികൾ നൽകിയ ശുപാർശയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുമല്ലോ?

3 വകുപ്പു മേധാവികളുടെ ശുപാർശയ്ക്കുമേൽ മന്ത്രി ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമല്ലോ?

4 സ്ഥിരനിയമം ലഭിക്കുന്നതിനുമുൻപ് ഓരോരുത്തരും എത്രകാലം താത്കാലിക, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവെന്ന് അറിയിക്കുമല്ലോ?

PTO

5. ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, ആയുഷ്, സാമൂഹിക നീതി, സ്ത്രീകളും കുട്ടികളും വകുപ്പുകളിൽ താത്കാലിക, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തവരെ കഴിഞ്ഞ സർക്കാരിന്റെ കാലത്തു മന്ത്രിസഭായോഗം സ്ഥിരപ്പെടുത്താൻ തീരുമാനിക്കുകയും ഉത്തരവു പുറപ്പെടുവിക്കാതിരിക്കുകയും ചെയ്ത സംഭവങ്ങളിൽ കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ വന്നിട്ടുണ്ടോ?

7. മേൽ ഉത്തരവുകളിൽ മന്ത്രിയും വകുപ്പുമേധാവികളും സ്വീകരിച്ച നടപടികൾ എന്തൊക്കെ? ഈ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പു ലഭ്യമാക്കുമല്ലോ?

04/01/19
തിരുവനന്തപുരം

വിനയപൂർവം

മനോജ് കടമ്പാട്